റിപ്പോർട്ട് നൽകാനായി നിയോഗിച്ചുകഴിഞ്ഞു. അദ്ദേഹം അതിനുവേണ്ടിയുള്ള പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. മരണമുണ്ടാകുന്നതിനെ ഞാൻ ഒരിക്കലും അംഗീകരിക്കുന്നില്ല. ഇവിടെ മെമ്പർ ഉന്നയിച്ച വികാരം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇത് പരമാവധി ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ബോർഡും ഗവൺമെന്റും നടത്തിവരികയാണ്.

മി. സ്പീക്കർ: ഇനി സബ്മിഷൻ വളരെയധികമുണ്ട്. എല്ലാവരും സഹകരിക്കണം. ആറെണ്ണത്തിനുപകരം 20 എണ്ണമാണ് തന്നിരിക്കുന്നത്. എല്ലാവരും സഹകരിച്ചില്ലെങ്കിൽ കാര്യം നടക്കുകയില്ല.

(3) വിവിധ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. എൻ. രാജൻ: സർ, കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുക, പെൻഷൻ വിതരണം സ്റ്റാറ്റ്യൂട്ടറി ആക്കുക, ക്ഷേമനിധി ബോർഡിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ വിതരണംചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സി.പി.ഐ. (എം) ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. 27 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ ഒഴികെയുള്ള എല്ലാ പെൻഷനുകളും 1-ാം തീയതി വിതരണം ചെയ്യുമെന്ന് കഴിഞ്ഞ നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. മാറ്റിവയ്ക്കപ്പെടുന്ന ആനുകൂല്യമായി കണക്കാക്കാതെ എല്ലാമാസവും കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അതിവർഷ ആനുകൂല്യമായി 60 കോടി രൂപ കൊടുക്കാനുണ്ട്. വിവാഹ ധനസഹായം 10 കോടി രൂപ വിതരണം ചെയ്യാനുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ബഡ്ജറ്റ്വഴി കൊടുത്ത 5 കോടി രൂപയും ഈ നാലുകൊല്ലക്കാലം ക്ഷേമനിധി ബോർഡിൽനിന്നും, പാവപ്പെട്ട തൊഴിലാളികളിൽനിന്നും പിരിച്ച 5 കോടി രൂപയും മാത്രമാണ് ഇതിൽനിന്ന് ആനുകൂല്യം കൊടുത്തത്. അതിന്റെ ബാക്കിപത്രമെന്താണ്?

മി. സ്പീക്കർ: പ്ലീസ്, ശ്രീ. എൻ. രാജൻ ..... ഇനി സബ്മിഷൻ വളരെ സ്ട്രിക്ട് ആക്കേണ്ടിവരും. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എൻ. രാജൻ: കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക ഉൾപ്പെടെ അംശദായം അടയ്ക്കുന്നതിനുള്ള അവസരംകൂടി കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ രാജൻ ഈ ബോർഡിന്റെ മുൻചെയർമാൻ എന്ന നിലയിൽ പറഞ്ഞതെല്ലാം വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ്. 5 കോടി രൂപ കൊണ്ട് എത്ര വർഷം കൊടുക്കും? കഴിഞ്ഞ നാല് വർഷക്കാലം നിങ്ങൾ കൊടുത്ത 5 കോടി രൂപ കൊണ്ടാണ് ആനുകൂല്യം കൊടുത്തത് എന്നൊക്കെ പറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്? ഈ സഭയിൽത്തന്നെ രണ്ടുമൂന്ന് പ്രാവശ്യം ചർച്ചചെയ്ത കാര്യങ്ങളാണ്. എങ്കിലും ഇന്ന് സമരത്തിന്റെ ഭാഗമായി ഉന്നയിച്ചപ്പോൾ അത് പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ് എന്നുള്ളതുകൊണ്ടാണ് പറയുന്നത്. തൊഴിലാളി നേതാക്കൻമാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ മാസം 3 കോടി രൂപ ആനുകൂല്യങ്ങൾ നൽകുന്നതിന് റിലീസ് ചെയ്തിട്ടുണ്ട്. ഓണത്തിനു മുമ്പ് ഒരു ഗഡു കൂടി റിലീസ് ചെയ്യുമെന്ന് പറഞ്ഞത് 5-ാം തീയതി കൊടുക്കുകയാണ്. .....(ബഹളം).....

മി.സ്പീക്കർ: ബഹളം കൂട്ടാനാണോ സബ്മിഷൻ? പ്ലീസ് ..... മറുപടി കേൾക്കേണ്ടേ?

ശ്രീ. ബാബു ദിവാകരൻ: മൂന്ന് മാസത്തേത് ഈ അഞ്ചാം തീയതി കൊടുക്കും. അതിനുശേഷം ഓണത്തിനുമുമ്പ് ഒരുമാസത്തേതുകൂടി കൊടുക്കും. അടുത്ത മാസം മുതൽ കൃത്യമായി എല്ലാമാസവും പെൻഷൻ കൊടുക്കുന്നതാണ്. അതിവർഷാനുകൂല്യം എന്നുപറഞ്ഞ് ഇവരെല്ലാവരുംകൂടി ഒരു ആനുകൂല്യം ഉണ്ടാക്കിവച്ചിട്ടുണ്ട്. 60 കോടി രൂപയാണ് അതിവർഷാനുകൂല്യം കൊടുത്തു തീർക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്ത് ഇത്രയും രൂപ എവിടെ നിന്ന് കണ്ടെത്തണമെന്നാണ്? ബോർഡിന് കൊടുക്കാൻ പണമില്ലാത്തപ്പോൾ നിങ്ങളെല്ലാവരും കൂടി ഉണ്ടാക്കിവച്ച കൊടുക്കാൻ പറ്റാത്ത ആനുകൂല്യമാണ് ഇപ്പോൾ കൊടുക്കണമെന്ന് ആവശ്യപ്പെടുന്നത്. അത് എങ്ങനെ കൊടുക്കാൻ പറ്റും? ബോർഡിൽ പണമില്ലാത്തതുകൊണ്ട് ഇത്രയും വലിയ തുക കൊടുക്കാൻ സാദ്ധ്യമല്ല. പെൻഷനും മറ്റാനുകൂല്യങ്ങളും കറന്റായിട്ട് കൊടുക്കുകയാണ്. ഒരു കുടിശ്ശികയും ഇല്ല.

(4) മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മണക്കയി പ്രദേശത്ത് മൂന്ന് വൃദ്ധരെ കൊലപ്പെടുത്തിയ സംഭവം

പ്രൊഫസർ എ. ഡി. മുസ്തഫ: സർ, 28 മാസം മുമ്പ് കൃത്യമായി പറഞ്ഞാൽ 6-4-2003-ൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ വളരെ പാവപ്പെട്ട കുടുംബത്തിലെ മൂന്ന് അംഗങ്ങൾ; ചെമ്പിലാരി അസീനാർ-70 വയസ്സ്,

LIBRARY ARCHIVES Kerala Legislative Assembly